പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4425 | 25.06.2019 ൽ മറുപടിക്ക്

## ട്രെയിനുകൾക്ക് പുതുതായി സ്റ്റോപ്പുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. ജോയി | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകൾക്ക് ഏതെങ്കിലും സ്റ്റേഷനുകളിൽ പുതുതായി സ്റ്റോപ്പുകൾ അനുവദിക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഏതെല്ലാം സ്റ്റേഷനുകളിൽ ഏതെല്ലാം ട്രെയിനുകളുടെ സ്റ്റോപ്പുകളാണ് പുതുതായി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും | വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളെ തുടർന്ന് കേരളത്തിലൂടെ കടന്നുപോകുന്ന ട്രെയിനുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കുന്നതു മൂലം ട്രെയിനുകളുടെ വേഗതയിൽ ഗണ്യമായ കുറവ് വരികയും, യാത്രാ സമയം വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ റെയിൽവേ പുതിയ സ്റ്റോപ്പുകൾ അനുവദിക്കുന്നില്ല. എന്നിരുന്നാലും സംസ്ഥാനത്തിലൂടെ കടന്നു പോകുന്ന വിവിധ ട്രെയിനുകൾക്ക് പേട്ട, കടയ്ക്കാവൂർ, വർക്കല, കരുനാഗപള്ളി, കൊല്ലങ്കോട്, ചാലക്കുടി, വടക്കാഞ്ചേരി, മുളകുന്നത്ത് കാവ്, വള്ളത്തോൾ നഗർ, അമലാ നഗർ, മുളന്തുരുത്തി, തിരൂർ, കുറ്റിപ്പുറം, കാഞ്ഞങ്ങാട്, കാസർഗോഡ് തുടങ്ങിയ സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് റെയിൽവേ അധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ